കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-കളമശ്ശേരി നഗരസഭ-കൊച്ചി ചിൽഡ്രൻസ് പാർക്ക്- 15 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ ആറ് മാസക്കാലത്തേയ്ക്ക് നിയമിക്കുന്നതിന് അനുമതി- -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 2344/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 03.08.2016

പരാമർശം : 1 സ.ഉ(സാധ) നം.) 2882/2015/തസ്വഭവ,തീയതി 22/09/2015
2) സ.ഉ(സാധ) നം.1392/2016/തസ്വഭവ,തീയതി 01/04/2016.
3) കളമശ്ശേരി നഗരസഭാ കൗൺലിന്റെ 08/06/2016 ലെ 3-ാം തീരുമാനം.
4) കളമശ്ശേരി നഗരസഭാ ചെയർപേഴ്സന്റെ 08/06/2016 ലെയും 27/06/2016 ലെയും എച്ച്.4403/16 നം.കത്തുകൾ
5) സർക്കാരിന്റെ 12/07/2016 ലെ ഇയു3/97/2016/തസ്വഭവ നം.കത്ത്.

## ഉത്തരവ്

കളമശ്ശേരി നഗരസഭയുടെ പരിധിയിൽ വരുന്ന കൊച്ചിൻ ചിൽഡ്രൻസ് പാർക്ക് നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട് 15 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ 6 മാസക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിന്, പരാമർശം(1) പ്രകാരം നൽകിയിരുന്ന അനുമതി പരാമർശം(2) പ്രകാരം മൂന്ന് മാസത്തേയ്ക്ക കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നു.പ്രസ്തുത സർക്കാർ ഉത്തരവിന്റെ കാലാവധി 21/06/2016-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ ടി ജീവനക്കാരുടെ സേവനകാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിയ്ക്കണമെന്ന പരാമർശത്തിലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ,പരാമർശം(4) പ്രകാരം ലഭിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കളമശ്ശേരി നഗരസഭാ കൗൺസിൽ തീരുമാനം അംഗീകരിച്ച്,പരാമർശ(2)ലെ സർക്കാർ ഉത്തരവിന്റെ കാലാവധി 21/06/2016-ൽ അവസാനിച്ചതിനാൽ പ്രസ്തുത സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി 15 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ ആറ് മാസക്കാലത്തേയ്ക്ക് നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം).

രമേശൻ എം.കെ,
ജോയിന്റ് സെക്രട്ടറി.
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

നഗര കാര്യ ഡയറക്ടർ ,തിരുവനന്തപുരം .
സെക്രട്ടറി,കളമശ്ശേരി നഗരസഭ.
ചെയർപേഴ്സൺ,കളമശ്ശേരി നഗരസഭ.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ